SCOLE
KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, info@scolekerala.org.www.scolekerala.org

നം. എ5/3216/19/സ്കോൾ കേരള തീയതി : 22.08.2023

# വിജ്ഞാപനം

## സ്കോൾ-കേരള - ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ് ഇൻസ്ട്രക്ടർമാരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

സ്കോൾ-കേരള - മുഖേന 2023 സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്ന 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ് ഇൻസ്ട്രക്ടർമാരുടെ ജില്ലാ അടിസ്ഥാനത്തിലുള്ള പാനലിലേക്ക് ചുവടെ പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യതകൾ**

**കാറ്റഗറി നം. 1**
**ഡോക്ടർ** - എം.ബി.ബി.എസ് ബിരുദം, പാലിയേറ്റീവ് മെഡിസിനിൽ ആറ് ആഴ്ചയിൽ കുറയാത്ത സർട്ടിഫിക്കറ്റ് കോഴ്സ്

**കാറ്റഗറി നം. 2**
**സ്റ്റാഫ് നഴ്സ്** - ബി.എസ്.സി നഴ്സിംഗ്/ജനറൽ നഴ്സിംഗ് ആന്റ് മിഡ്വൈഫറി (കേരള സ്റ്റേറ്റ് നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളത്), 6 ആഴ്ചയിൽ കുറയാത്ത പാലിയേറ്റീവ് നഴ്സിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്

**കാറ്റഗറി നം. 3**
**കമ്മ്യൂണിറ്റി നഴ്സ്** - 3 മാസത്തിൽ കുറയാത്ത സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് കെയർ പരിശീലനം, രണ്ട് വർഷത്തിൽ കുറയാത്ത പാലിയേറ്റീവ് പ്രവർത്തി പരിചയം

**കാറ്റഗറി നം. 4**
**പാലിയേറ്റീവ് വോളന്റിയേഴ്സ്** - 3 ദിവസത്തിൽ കുറയാത്ത പാലിയേറ്റീവ്, വോളന്റിയർ പരിശീലനം (കമ്മ്യൂണിറ്റി വോളന്റിയർ ട്രെയ്നിംഗ്), 5 വർഷത്തിൽ കുറയാത്ത പാലിയേറ്റീവ് കമ്മ്യൂണിറ്റി വോളന്റിയർ എന്ന നിലയിലുള്ള പ്രവർത്തി പരിചയം

സ്കോൾ-കേരളയുടെ ഔദ്യോഗിക വെബ്സൈറ്റായ www.scolekerala.org യിൽ Application for Domiciliary Nursing Care Instructor എന്ന ലിങ്ക് മുഖേന ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്.എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെയും, യോഗ്യതാ സർട്ടിഫിക്കറ്റിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഏതെങ്കിലും 3 ജില്ലകൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ രജിസ്ട്രേഡ് തപാൽ മാർഗ്ഗം സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 05.09.2023 ആണ് വിശദവിവരങ്ങൾ **0471 2342950, 2342271, 2342369** എന്നീ നമ്പറുകൾ മുഖേന ലഭിക്കും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻചാർജ്**